**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **08-10-2024 - ൽ മറുപടിയ്ക്ക്**

**കോൾ ലിങ്കേജ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. രാജ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ അധിക ആവശ്യകത നിറവേറ്റുന്നതിനായി ദീർഘകാല കോൾ ലിങ്കേജ് അനുവദിക്കണമെന്ന ആവശ്യം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതിയുടെ അധിക ആവശ്യം നിറവേറ്റുന്നതിനായി സംസ്ഥാന സർക്കാരി ന്റെയും കെ.എസ്.ഇ.ബി.എൽ-ന്റെയും നിരന്തര ഇടപെടലിന്റെ ഫലമായി 500 മെഗാവാട്ടിന്റെ കോൾ ലിങ്കേജ് കേന്ദ്ര കൽക്കരി മന്ത്രാലയത്തിന്റെ 29.08.2024-ലെ കത്ത് പ്രകാരം അനുവദിച്ചു കിട്ടിയിട്ടുണ്ട്. 2025 ഓഗസ്റ്റ് മുതൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള കൽക്കരി ലഭ്യമായി തുടങ്ങും. |
| (ബി) | കോൾ ലിങ്കേജ് സംവിധാനം നേടിയെടുക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കൽക്കരി ലഭ്യത ഉറപ്പാക്കുന്നതിലൂടെ കൂടുതൽ ഉത്പാദകർ ടെൻഡറിൽ പങ്കെടുക്കുകയും തൽഫലമായി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ലിങ്കേജ് കോൾ പ്രകാരം വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ടെൻഡർ നടപടി ക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ